"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്കിൽ പാമ്പു കടിയേറ്റ ചികിത്സയിൽ ആയിരുന്ന ശ്രീ.വിഷ്ണുവിന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.151/2026/DMD    തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-
1. 07/03/2024 ലെ സ.ഉ(കൈ) നം.4/2024/ഡിഎംഡി
2. CMDRF പോർട്ടലിൽ ശ്രീ.വിഷ്ണു സമർപ്പിച്ച D250702234 ഡോക്കറ്റ് നമ്പർ അപേക്ഷ
3. 09/05/2025 ലെ സ.ഉ(സാധാ) നം.304/2025-ഡിഎംഡി

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്കിൽ ശ്രീ.വിഷ്ണു പാമ്പു കടിയേറ്റ ചികിത്സയിലാണെന്നും ആയതിനു ധനസഹായം അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) മനുഷ്യ വന്യജീവി ആക്രമണം (1) സംസ്ഥാന സവിശേഷ ദുരന്തം ആയി പ്രഖ്യാപിച്ചിരുന്നു. വന്യജീവി ആക്രമണത്തിൽ ഒരു ആഴ്ചയിൽ കൂടുതൽ ആശുപത്രിവാസം വേണ്ടി വരുന്ന ഗുരുതര പരിക്ക് ഉള്ളവർക്ക് 16000/- രൂപ SDRF നിന്നും, പരമാവധി 84,000/- രൂപ വനം വന്യജീവി വകുപ്പിൽ നിന്നും, ലാൻഡ് റവന്യൂ വകുപ്പ് മുഖേനെ അനുവദിക്കാവുന്നതാണെന്നു പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പരിക്കേറ്റയാളെ ചികിൽസിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തിയ യഥാർത്ഥ ചിലവായ തുക അനുവദിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാമ്പു കടിയേറ്റ ചികിത്സയിൽ കഴിഞ്ഞിരുന്ന ശ്രീ.വിഷ്ണുവിന് 75,000/- രൂപ ചികിത്സ ചിലവ് വന്നതായി ഡോക്ടർ സാക്ഷ്യപെടുത്തിയ സാഹചര്യത്തിൽ ശ്രീ.വിഷ്ണുവിന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി 75,000/- രൂപയിൽ 16000/- രൂപ SDRF 2245-02-800-96-Flood- exgratia to injured persons എന്ന ശീർഷകത്തിൽനിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്കു അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

വനം വന്യജീവി (ഡി ) വകുപ്പ്
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
ദുരന്ത നിവാരണ (A3) സീറ്റ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vincent U
Date: 12-03-2026 19:15:18
സെക്ഷൻ ഓഫീസർ